2. There should be a minimum number of 3 Malayalam Dailies and two Weeklies and one Magazine.

3. There should be furniture sufficient for stocking books as also for the reading section.

4. There should be sufficient support from the public of the locality where the library is situated.

(d) There is no prohibition against giving of grants by Panchayats to libraries which do not conform to the above standard. But all the Panchayats have been advised by the Director of Local Bodies to consult the Travancore-Cochin Granthasala Sangam before grants are paid to the libraries in their jurisdiction.

ശ്രീ. വി. വി. സെബാസ്റ്റ്യൻ: പഞ്ചായത്തുകളിൽനിന്നും ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണ് ഞാൻ പറഞ്ഞത്. സർക്കാരിൽനിന്നും ചില ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുക്കുന്നുണ്ട്. അതു് അപ്രൂവ്ചെയ്ത ലൈബ്രറികൾക്കാണ്. അതുകൊണ്ട് പുതിയ കോഅർഡിനേഷൻ ഇല്ലാത്ത ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുക്കുകയാണെങ്കിൽ ഇവിടെ അഡ്മിനിസ്ട്രേഷനിൽ വിഷമമുണ്ടാകും. അതുകൊണ്ട് ലോക്കൽബോഡീസ് ഡയറക്ടരോട് ഗ്രന്ഥശാലാസംഘവുമായി കൺസൾട്ടുചെയ്ത് ഗ്രാൻറ്കൊടുക്കണമെന്നു് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. സി. എബ്രഹാം: ഗ്രാൻറ ലഭിക്കത്തക്ക ലൈബ്രറികൾ പഞ്ചായത്തിലുണ്ടെങ്കിൽ അതിനു് പഞ്ചായത്തിൽനിന്നു് ഗ്രാൻറ കൊടുത്തുകൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നന്നായിരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. കെ. സി. എബ്രഹാം: പഞ്ചായത്തിൽനിന്നു് ഗ്രാൻറ് കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആലോചിക്കാവുന്നതാണു്.

പട്ടികജാതി സ്കൂൾ പണ്ഡിറ്റുകൾ.

* 85 [37] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ പട്ടികജാതിക്കാരായ എത്ര ഹൈസ്കൂൾ പണ്ഡിറ്റുകളും, എത്ര മിഡിൽസ്കൂൾ പണ്ഡിറ്റുകളും ഉണ്ടു്;

(ബി) ഹൈസ്കൂൾ പണ്ഡിറ്റുകൾക്കും മിഡിൽസ്കൂൾ പണ്ഡിറ്റുകൾക്കും യഥാക്രമം നൽകുന്ന ശമ്പളസ്കെയിൽ എന്തു്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മിഡിൽസ്കൂൾ പണ്ഡിറ്റുകളെ ഏതു വ്യവസ്ഥയനുസരിച്ചാണ് ഹൈസ്കൂൾ പണ്ഡിറ്റുമാരായി പ്രമോട്ട് ചെയ്യുന്നത്;

(ഡി) ആലാ ഹൈസ്കൂളിലെ പട്ടികജാതിക്കാരനായ മലയാളം പണ്ഡിറ്റിനു് ആകെ എത്ര കൊല്ലത്തെ സർവ്വീസുണ്ടു്;

(ഇ) ടി മലയാളം പണ്ഡിറ്റിനു്, ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുകയാണെങ്കിലും മിഡിൽസ്കൂൾ പണ്ഡിറ്റുമാർക്കുള്ള ശമ്പളസ്കെയിൽമാത്രം നൽകുന്നതിനുള്ള കാരണമെന്തു്;

(എഫ്) ആകെയുള്ള സർവ്വീസനുസരിച്ചു മിഡിൽസ്കൂൾ പണ്ഡിറ്റുമാർക്കു പ്രമോഷൻ നൽകുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ പട്ടികജാതിക്കാരായ എത്ര ഹൈസ്കൂൾ പണ്ഡിറ്റുകളും എത്ര മിഡിൽസ്കൂൾ പണ്ഡിറ്റുകളും ഉണ്ടെന്നു് കുറെക്കൂടി സമയം കിട്ടാതെ വിവരങ്ങൾ ശേഖരിക്കാൻ സാദ്ധ്യമല്ല.

(ബി) ഹൈസ്കൂൾ പണ്ഡിറ്റുമാർക്കു് 55 മുതൽ 150 രൂപ സ്കെയിലും, മിഡിൽസ്കൂൾ പണ്ഡിറ്റുമാർക്കു് 35 മുതൽ 80 രൂപവരെ സ്കെയിലുമാണു് ഇപ്പോൾ നിലവിലിരിക്കുന്നതു്.

(സി) സീനിയോറിറ്റി, പരീക്ഷായോഗ്യത ഇവ അനുസരിച്ചാണു പ്രമോഷൻ കൊടുക്കുന്നതു്.

(ഡി, ഇ, എഫ്) വിവരങ്ങൾ ശേഖരിക്കാൻ സമയം മതിയായിട്ടില്ല.

കുളമട്ടോരി പോളിടെക്നിക്കിലെ വിദ്യാർത്ഥികൾ.

* 86. [38] ശ്രീ. കെ. പി. ഹാർമിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കുളമട്ടോരി പോളിടെക്നിക്കൽ വിദ്യാലയത്തിൽ എത്ര വിദ്യാർത്ഥികൾ നാളിതുവരെ പാസ്സായിട്ടുണ്ടു്;

(ബി) പാസ്സായ എത്ര വിദ്യാർത്ഥികൾക്കു് ജോലി കിട്ടിയിട്ടുണ്ടു്;

(സി) സ്റ്റേറിനുള്ളിൽ ജോലി നോക്കുന്നവരെത്ര; സ്റ്റേറിനു വെളിയിൽ ജോലിനോക്കുന്നവരെത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കുളമട്ടോരി പോളിടെക്നിക്കൽ വിദ്യാലയത്തിൽ നിന്നും 176 വിദ്യാർത്ഥികൾ പാസ്സായിട്ടുണ്ടു്.

(ബി) ഗവണ്മെൻറിനുകിട്ടിയ വിവരങ്ങൾവച്ചുനോക്കുകയാണെങ്കിൽ ഇവരിൽ 27 പേർക്കുമാത്രമേ ജോലി കിട്ടിയിട്ടുള്ളു.

(സി) അവരിൽ 6 പേർ സ്റ്റേറിനുള്ളിലും 21 പേർ സ്റ്റേറിനു വെളിയിലും ജോലി നോക്കുന്നതായിട്ടാണു കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly